14/2/22

9/2/22

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം-695 001**
Email: sic.ker@nic.in

ഹർജി നമ്പർ **AP 1189(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.10834/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഫെബ്രുവരി 9**

ശ്രീ. രമേശ് കെ.,
ഗോപാൽ വീട്,
അത്തോളി പി.ഒ.,
കോഴിക്കോട് – 673 315.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സീനിയർ സൂപ്രണ്ട്, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, കോഴിക്കോട് സിറ്റി.
2. അപ്പീൽ അധികാരി & ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, കോഴിക്കോട് സിറ്റി.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 21.6.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 9.8.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 2.8.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 10.8.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 9.9.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 13.9.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 20.9.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 26.10.2021 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 8.2.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. രമേശ് കെ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച 9 ഇനങ്ങൾ അടങ്ങിയ അപേക്ഷയിലെ ഒരു ചോദ്യത്തിന് മാത്രമാണ് ഭാഗികമായി മറുപടി നൽകിയിട്ടുള്ളതെന്നും തുടർന്ന് നൽകിയ അപ്പീൽ അപേക്ഷയ്ക്കും പൂർണ്ണമായ

മറുപടി നൽകിയില്ലെന്നും ആയതിനാൽ ആവശ്യപ്പെട്ട രേഖകളുടെ സർട്ടിഫൈഡ് കോപ്പി സൗജന്യമായി ലഭ്യമാക്കണമെന്നുമാണ്.

2. 21.6.2021–ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

i. കോഴിക്കോട് സിറ്റി ഉപജില്ലയിൽ അപേക്ഷകന്റെ സേവനകാലത്തും തുടർന്നുമുള്ള കാലത്തെ റിക്കാർഡുകളും രേഖകളും പ്രവർത്തനങ്ങളും ടിയാന്റെ അഡ്വക്കേറ്റ് ലാൽകിഷോർ സി. യുടെ സാന്നിധ്യത്തിൽ നേരിൽ കണ്ട് പരിശോധിക്കുന്നതിന് ഏറ്റവും അടുത്ത ഒരു ദിവസം അനുവദിച്ച് അറിയിക്കണമെന്നും

ii. മേൽ സാഹചര്യത്തിൽ ആവശ്യപ്പെടുന്ന റിക്കാർഡുകളും രേഖകളും സാക്ഷ്യപ്പെടുത്തി അനുവദിക്കുന്നതിനും വീഡിയോ കാസറ്റിലോ, മറ്റ് ഇലക്ട്രോണിക് രൂപത്തിലോ അതുമല്ലെങ്കിൽ അവയുടെ അച്ചടിച്ച പകർപ്പയോ എടുക്കുന്നതിന് സൗകര്യം ഒരുക്കണമെന്നും

iii. i) എസ്.പി.ഐ.ഒയുടെ ഓഫീസിൽ 1.5.2018 മുതൽ 30.6.2019 വരെ കാലത്തേക്ക് നടന്ന വാർഷിക കണക്ക് പരിശോധനാ റിപ്പോർട്ടിന് നൽകിയ മറുപടിയുടെ പകർപ്പ് നൽകണമെന്നും

ii) സ്കൂൾ മോണിറ്ററിംഗ് ഓൺസൈറ്റ് സപ്പോർട്ടിംഗ് ആന്റ് മോണിറ്ററിംഗ് സിസ്റ്റം 2018–19 സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച ബില്ലുകളുടെയും വൗച്ചറുകളുടെയും പകർപ്പ് നൽകണമെന്നും മറ്റുമായി 3 ഇനങ്ങളിലും 9 ഉപ ഇനങ്ങളിലുമായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 9.8.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ശ്രീ. രമേശ് കെ. കോഴിക്കോട് സിറ്റി ഉപജില്ലയിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറായി സേവനമനുഷ്ഠിച്ച കാലയളവിലെ റിക്കാർഡുകളും രേഖകളും 17.8.2021 ന് വൈകുന്നേരം 3 മണി മുതൽ അഡ്വക്കേറ്റ് ലാൽകിഷോർ സി.യുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കാമെന്നാണ്.

4. ഹർജിക്കാരൻ 2.8.2021 – ന് രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭിച്ചിട്ടില്ലെന്നും ആയതിനാൽ മറുപടി ലഭ്യമാക്കുന്നതിനും, മറുപടി നൽകുന്നതിൽ കാലതാമസം വരുത്തിയവർക്കെതിരെ വിവരാവകാശ നിയമ പ്രകാരം നടപടി സ്വീകരിക്കണമെന്നുമാണ്. രണ്ടാം എതിർകക്ഷി എസ്.പി.ഐ.ഒ നൽകിയ മറുപടി ശരിവച്ചുകൊണ്ട് ടി അപ്പീൽ തീർപ്പാക്കി 10.8.2021–ന് മറുപടി നൽകിയതായും കാണുന്നു.

5. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 21.6.2021 ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയുടെ അടിസ്ഥാനത്തിൽ 17.8.2021–ന് ഫയലുകൾ പരിശോധിക്കുന്നതിനായി ഹർജിക്കാരന് സമയം അനുവദിച്ചിരുന്നുവെങ്കിലും ആയതിന് ഹാജരാവാതെ 3.8.2021–ന് അപ്പീൽ സമർപ്പിക്കുകയും, ആയതിന് 10.8.2021–ന് മറുപടി നൽകിയിട്ടുള്ളതാണെന്നും അപേക്ഷയിലെ പ്രധാന ആവശ്യമായ ടിയാൻ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറായി സേവനമനുഷ്ഠിച്ച കാലത്തേയും തുടർന്നുള്ള കാലയളവിലേയും രേഖകൾ

പരിശോധിക്കുന്നതിനും, പരിശോധന വേളയിൽ അപേക്ഷകന് ആവശ്യമായ രേഖകളുടെ പകർപ്പിന്റെ ഫീസ് ചലാൻ മുഖാന്തിരം അടവാക്കി നൽകാമെന്നും കരുതിയാണ് 17.8.2021–ന് നേരിട്ട് ഹാജരാകുന്നതിനായി ഹർജിക്കാരനെ അറിയിച്ചിരുന്നതെന്നും എന്നാൽ ഹർജിക്കാരൻ നിശ്ചിത സമയത്ത് രേഖകൾ പരിശോധിക്കുന്നതിന് ഹാജരായിരുന്നില്ല എന്നും 2021 മെയ് മാസം ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനാലും ജൂൺ മാസത്തിൽ സർക്കാർ ഓഫീസിൽ 50% ജീവനക്കാരെ റൊട്ടേഷൻ വ്യവസ്ഥയിൽ നിശ്ചയിച്ച് ഓഫീസ് പ്രവർത്തിക്കേണ്ടി വന്ന സാഹചര്യത്തിലുമാണ് ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകാൻ കാലതാമസം നേരിട്ടതെന്നും കൊവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് ഓഫീസിൽ ജീവനക്കാരുടെ എണ്ണം പരിമിതപ്പെടുത്തിയതിനാലും മുൻ മാസത്തിൽ ലോക്ക്ഡൗൺ കാരണം മുൻ ഫയലുകൾ യഥാസമയം തീരുമാനമെടുക്കുന്നതിൽ പെൻഡിംഗ് ഉള്ളത് തീർപ്പാക്കേണ്ടി വന്ന സാഹചര്യത്തിലുമാണ് ഹർജിക്കാരന്റെ അപേക്ഷയ്ക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ മറുപടി നൽകാൻ കഴിയാതെ വന്നത് എന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ പരിശോധിച്ചതിൽ, 21.6.2021–ന് ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 9.8.2021–നാണ് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളത് എന്ന് കാണുന്നു. വിവരാവകാശ നിയമ പ്രകാരം അപേക്ഷയിലെ ഓരോ പിരിവുകൾക്കും ഖണ്ഡിക തിരിച്ചുള്ള മറുപടി സമയബന്ധിതമായി നൽകേണ്ടതുണ്ട്. മാത്രമല്ല അപ്രകാരം നൽകുന്ന മറുപടിയിൽ അപ്പീൽ അധികാരിയുടെ വിലാസം, അപ്പീൽ കാലാവധി, പകർപ്പ് ഫീ ആവശ്യമെങ്കിൽ എത്രയാണെന്നും അത് ഒടുക്കേണ്ട ഹെഡ് ഓഫ് അക്കൗണ്ട് തുടങ്ങിയ വിവരങ്ങൾ നിർബന്ധമായും രേഖപ്പെടുത്തേണ്ടതുമാണ്. ഇത്തരത്തിലുള്ള യാതൊരു നിബന്ധനകളും പാലിക്കാതെ 17.8.2021–ന് ഫയലുകൾ നേരിട്ട് പരിശോധിക്കാമെന്ന് അറിയിച്ചുകൊണ്ട് വളരെ ലാഘവത്തോടെയുള്ള ഒരു മറുപടിയാണ് പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകിയിട്ടുള്ളത്. ടി വീഴ്ചകൾ വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20(1)വകുപ്പു പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ടി വീഴ്ചകൾക്ക് കാരണക്കാരായ പരാമർശിത കാലയളവിലേയും നിലവിലേയും ഒന്നാം എതിർകക്ഷികൾക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കാതിരിക്കാൻ കാരണം ഉണ്ടെങ്കിൽ ആയത് 21.2.2022നകം കമ്മീഷനെ ബോധ്യപ്പെടുത്താൻ ആവശ്യപ്പെട്ടുകൊണ്ട് കമ്മീഷൻ സെക്രട്ടറി പരാമർശിത കാലയളവിലേയും, നിലവിലേയും ഒന്നാം എതിർകക്ഷികൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകേണ്ടതാണ്.

7. വിവരാവകാശ നിയമ പ്രകാരം അപ്പീൽ തീർപ്പാക്കുന്നത് ഒരു അർദ്ധ ജുഡിഷ്യൽ പ്രവർത്തിയാണ്. അതിനാൽ തന്നെ അപ്പീൽ അധികാരി പുറപ്പെടുവിക്കുന്ന ഉത്തരവ് സ്വയം വിശദീകരിക്കുന്നതും തീരുമാനത്തിൽ എത്താനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതുമാകണം. എന്നാൽ ഇക്കാര്യത്തിൽ രണ്ടാം എതിർകക്ഷി നൽകിയ മറുപടി സ്വയം വിശദീകരിക്കുന്ന തരത്തിലുള്ളതോ രണ്ടാം അപ്പീലധികാരിയുടെ വിലാസം/അപ്പീൽ കാലാവധി എന്നിവ രേഖാപ്പെടുത്താതെയും സമയപരിധി കഴിഞ്ഞശേഷം പകർപ്പ് ഫീസ് ആവശ്യപ്പെട്ടുകൊണ്ടുള്ളതുമാണ്. ആയത് 17.7.2006–ന് കമ്മീഷൻ പുറപ്പെടുവിച്ച 2104/എസ്.ഐ.സി–ജൻ/2006 നമ്പർ സർക്കുലറിന് വിരുദ്ധമാണെന്ന് മാത്രമല്ല ഇത്തരത്തിൽ വിവരാവകാശ അപ്പീൽ അപേക്ഷയ്ക്ക് വളരെ ലാഘവത്തോടെ മറുപടി നൽകുന്നത് വിവരാവകാശ നിയമ പ്രകാരം ശിക്ഷാർഹവുമാണ്.

ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളിൽ റിപ്പോർട്ടിന്റെ പകർപ്പ് ഉൾപ്പെടെ അപേക്ഷയിൽ ആവശ്യപ്പെട്ട ലഭ്യമാക്കാൻ ബാക്കിയുള്ള എല്ലാ രേഖകളും 25.2.2022നകം നൽകണമെന്ന് കമ്മീഷൻ രണ്ടാം എതിർകക്ഷിയോട് നിർദ്ദേശിക്കുന്നു.

8. 31.5.2020 ന് സർവ്വീസിൽ നിന്നും വിരമിച്ച ഹർജിക്കാരന് 15 മാസമായിട്ടും പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമായിട്ടില്ലാത്ത സാഹചര്യം ഹർജിക്കാരൻ ഹിയറിംഗ് വേളയിൽ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച സാഹചര്യത്തിൽ ഇക്കാര്യത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർ കോഴിക്കോട്, പ്രത്യേക ശ്രദ്ധചെലുത്തി ഹർജിക്കാരന് പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. ആയതിനായി ടി ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ സെക്രട്ടറി കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

9. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 9–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk